പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3054 07/11/2019 ലെ മറുപടി

## സാമൂഹ്യശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പാറക്കൽ അബ്ദുല്ല<br>,, പി.കെ.ബഷീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, എം.ഉമ്മർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) എസ്.സി.ഇ.ആർ.ടിയുടെ ആഭിമുഖ്യത്തിൽ സാമൂഹ്യ ശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ബി) സാമൂഹികാവബോധമുള്ള ഒരു തലമുറ രൂപപ്പെടുത്തുന്നതിന് വിദ്യാഭ്യാസത്തെ ഉപാധിയാക്കി മാറ്റുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് ഈ പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ പരിപാടിയുടെ ഉദ്ദേശ്യങ്ങൾ താഴെ പറയുന്നു<br>• സമൂഹം നേരിടുന്ന വെല്ലുവിളികളും ആർജ്ജിച്ച അറിവും തമ്മിൽ ബന്ധിപ്പിക്കുവാനും അതുമായി പ്രശ്ന വിശകലനം നടത്തി നിലപാടുകളും പരിഹാര നിർദ്ദേശങ്ങളും രൂപപ്പെടുത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുക.<br>• സാമൂഹ്യശാസ്ത്ര ആശയങ്ങളെ ആസ്വാദ്യകരമായി അനുഭവവേദ്യമാക്കുന്നതിലൂടെ കുട്ടികളെ അറിവു നിർമാണ പ്രക്രിയയിൽ സജീവമാക്കി മാറ്റുക.<br>• സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അനുഭവങ്ങളെ സാമൂഹ്യപുരോഗതിക്കായി പ്രയോജനപ്പെടുത്തുവാനും ഭാവിയിൽ ഈ വിഷയങ്ങളിൽ ഉന്നത വിദ്യാഭ്യാസം നേടുവാനും കുട്ടികളെ പ്രാപ്തരാക്കുക |

സെക്ഷൻ ഓഫീസർ